RO/330/2011/HRD

## റഫറണ്ടം നടത്തുന്നതിനുള്ള
## തെരഞ്ഞെടുപ്പ് വിജ്ഞാപനം

29-12-2010-ലെ ഇഎ1/7294/2010/എച്ച്.ആർ.ഡി. നമ്പർ ഉത്തരവു പ്രകാരം രൂപീകരിക്കപ്പെട്ട ഇലക്ഷൻ ബോർഡിന്റെ 30-12-2010-ലെ തീരുമാനപ്രകാരം റിട്ടേണിംഗ് ഓഫീസറായി നിയമിക്കപ്പെട്ട കെ.വിശ്വനാഥ് പുറപ്പെടുവിക്കുന്ന തെരഞ്ഞെടുപ്പു വിജ്ഞാപനം.

ഐ.എച്ച്.ആർ.ഡി.യിൽ നിലവിലുള്ള സംഘടനകൾക്ക് അംഗീകാരം നൽകുന്നതിനായി ജീവനക്കാരുടെ അഭിപ്രായം സ്വരൂപിക്കുന്നതിനായി താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായും സമയക്രമമനുസരിച്ചും തെരഞ്ഞെടുപ്പ് നടത്താൻ തീരുമാനിച്ചിരിക്കുന്നു.

1. ഐ.എച്ച്.ആർ.ഡി.യിലെ സ്ഥിരം ജീവനക്കാരും 10.01.2011 വരെ (തെരഞ്ഞെടുപ്പു വിജ്ഞാപന തീയതി) IHRD-യിൽ സ്ഥിരമായി നിയമിക്കപ്പെടുന്ന പ്രൊബേഷനിലുള്ള ജീവനക്കാർ അടക്കം എല്ലാപേർക്കും തെരഞ്ഞെടുപ്പിൽ പങ്കെടുക്കാവുന്നതാണ്.

2. അഞ്ചിന് താഴെ അംഗസംഖ്യയുള്ള സ്ഥാപനങ്ങളൊഴികെ എല്ലാ സ്ഥാപനങ്ങളേയും പോളിംഗ് സ്റ്റേഷനുകളായി നിശ്ചയിച്ചിട്ടുണ്ട്. ആയതിലെ മേധാവികളെ പ്രിസൈഡിംഗ് ഓഫീസറായും അദ്ദേഹത്തെ സഹായിക്കുന്നതിനായി ഒരു പോളിംഗ് ഓഫീസറെയും നിയമിച്ചിട്ടുണ്ട്.

3. പോളിംഗ് സ്റ്റേഷൻ അനുവദിക്കപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങളിലെ ജീവനക്കാർ തൊട്ടടുത്ത പോളിംഗ് സ്റ്റേഷനിൽ നിശ്ചിത സമയത്തിനുള്ളിൽ ഹാജരായി വോട്ടു രേഖപ്പെടുത്തേണ്ടതാണ്. അത്തരക്കാർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള പോളിംഗ് സ്റ്റേഷൻ വോട്ടേഴ്സ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

4. സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന പൊതുസംഘടനകളേയും കാറ്റഗറി സംഘടനകളേയും തെരഞ്ഞെടുപ്പിൽ പങ്കെടുപ്പിക്കാവുന്നതാണ്. പൊതു സംഘടന എന്നുദ്ദേശിക്കുന്നത് IHRD-യിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അംഗത്വം നൽകുന്ന സംഘടനയും കാറ്റഗറി സംഘടന എന്നത് ഏതെങ്കിലും ഒരു വിഭാഗത്തിനു മാത്രം അതായത് മിനിസ്റ്റീരിയൽ സ്റ്റാഫ്/ ടീച്ചിംഗ് സ്റ്റാഫ്/ ടെക്നിക്കൽ സ്റ്റാഫ് എന്നിങ്ങനെ പ്രത്യേകം അംഗത്വം നൽകുന്ന സംഘടന എന്നതായിരിക്കും.

5. പൊതു സംഘടനകൾക്ക് ആകെ പോൾ ചെയ്ത വോട്ടിന്റെ 35%വും, കാറ്റഗറി സംഘടനകൾക്ക് ഏതു വിഭാഗത്തിന്റെ പ്രാതിനിധ്യമാണോ അവകാശപ്പെടുന്നത് IHRD-യിലെ ടി വിഭാഗത്തിൽ നിന്നും പോൾ ചെയ്യപ്പെടുന്ന വോട്ടിന്റെ 50%വും നേടിയാൽ മാത്രമെ അംഗീകാരം നൽകുകയുള്ളു.

6. തെരഞ്ഞെടുക്കപ്പെടുന്ന സംഘടനകളുടെ അധികാരങ്ങളും, അവകാശങ്ങളും

(i) അംഗീകാരം ലഭിക്കുന്ന സംഘടനകൾക്കു മാത്രമെ ഭാവിയിൽ മാനേജുമെന്റുമായുള്ള ചർച്ചകളിൽ പങ്കെടുക്കാൻ അവസരം ലഭിക്കുകയുള്ളു.

(ii) അംഗീകാരം ലഭിക്കുന്ന സംഘടനകൾ അതതു സംഘടനകളുടെ ഭരണഘടന അനുസരിച്ച് പൊതുയോഗം കൂടി ആഡിറ്റ് ചെയ്ത് കണക്കുകൾ അവതരിപ്പിച്ച് ചർച്ച ചെയ്ത് അംഗീകരിക്കേണ്ടതും യോഗത്തിൽ ഭാരവാഹികളെ തെരഞ്ഞെടുക്കേണ്ടതും അവ മാനേജുമെന്റിന്റെ അറിവിലേയ്ക്ക് യഥാസമയം റിപ്പോർട്ട് ചെയ്യേണ്ടതും വീഴ്ച വരുത്തിയാൽ അംഗീകാരം റദ്ദു ചെയ്യുന്നതുമാണ്.

(iii) അംഗീകാരം ലഭിക്കുന്ന സംഘടനകൾക്ക് പ്രവർത്തിക്കുന്നതിന് ആസ്ഥാന ആഫീസിൽ പരിമിതികൾക്കകത്ത് നിന്നുകൊണ്ട് ആഫീസ് അനുവദിക്കുന്നതും പ്രസിഡന്റ്, സെക്രട്ടറി, ട്രഷറർ എന്നിവർക്ക് ഹെഡ്ക്വാർട്ടേഴ്സിൽ മാത്രം പ്രൊട്ടക്ഷൻ അനുവദിക്കുന്നതുമാണ്.

(iv) ഒരു റഫറണ്ടം മുതൽ അടുത്ത റഫറണ്ടം വരെയുള്ള ഇടവേള 5 വർഷമായിരിക്കും.

7. ഡ്യൂട്ടിയിലുള്ള ഓഫീസർമാർക്ക് ഏതു പോളിംഗ് സ്റ്റേഷനിലും വോട്ട് രേഖപ്പെടുത്തുന്നതിന് അവകാശമുണ്ടായിരിക്കും. അത്തരക്കാർക്ക് റിട്ടേണിംഗ് ആഫീസർ നൽകുന്ന ഡ്യൂട്ടി സർട്ടിഫിക്കറ്റ് പ്രിസൈഡിംഗ് ആഫീസർമാർക്ക് മുൻപാകെ ഹാജരാക്കി വോട്ട് രേഖപ്പെടുത്താവുന്നതാണ്.

8. വോട്ടർമാരെ തിരിച്ചറിയുന്നതിന് ഫോട്ടോ പതിച്ച ഏത് തിരിച്ചറിയൽ രേഖയും ഉപയോഗിക്കാവുന്നതാണ്.

9. തെരഞ്ഞെടുപ്പിനുള്ള സമയക്രമം

| | | |
|---|---|---|
| 1. | തെരഞ്ഞെടുപ്പ് വിജ്ഞാപനം | : 10-01-2011-ന് |
| 2. | കരട് വോട്ടർ പട്ടിക പ്രസിദ്ധീകരണം | : 10-01-2011-ന് |
| 3. | കരട് പട്ടികയെ സംബന്ധിച്ച പരാതി സ്വീകരിക്കുന്ന അവസാന തീയതി | : 17-01-2011-ന് |
| 4. | പുതുക്കിയ അവസാന വോട്ടർ പട്ടിക പ്രസിദ്ധീകരണം | : 20-01-2011-ന് |
| 5. | നാമനിർദ്ദേശം സമർപ്പിക്കേണ്ട വിലാസം | : റിട്ടേണിംഗ് ആഫീസർ & അഡ്മിനിസ്ട്രേറ്റീവ് ആഫീസർ ഐ.എച്ച്.ആർ.ഡി. തിരുവനന്തപുരം |
| 6. | നാമനിർദ്ദേശം സ്വീകരിക്കുന്ന സമയം | : ഓഫീസ് പ്രവർത്തി സമയം 20-1-2011മുതൽ 28-1-2011 വൈകുന്നേരം 5 മണി വരെ |
| 7. | സ്വീകാര്യമായ നാമനിർദ്ദേശം സമർപ്പിച്ച സംഘടനകളുടെ ലിസ്റ്റ് പ്രസിദ്ധീകരണം | : 29-1-2011 |
| 8. | നാമനിർദ്ദേശം പിൻവലിക്കാനുള്ള സമയം | : 1-2-2011 വൈകുന്നേരം 3 മണി വരെ |
| 9. | സ്വീകാര്യമായ നാമനിർദ്ദേശം സമർപ്പിച്ച സംഘടനകളുടെ അവസാന ലിസ്റ്റ് പ്രസിദ്ധീകരണം | : 1-2-2011 വൈകുന്നേരം 4 മണി |
| 10. | തെരഞ്ഞെടുപ്പ് | : 7-2-11 രാവിലെ 9 മണി മുതൽ വൈകുന്നേരം 4 മണി വരെ |
| 11. | കേന്ദ്രീകൃത വോട്ടെണ്ണലും ഫല പ്രഖ്യാപനവും | : 10-2-2011 രാവിലെ 10 മണിക്ക് തുടങ്ങി തീരുന്ന സമയം |

നാമനിർദ്ദേശത്തിനുള്ള അപേക്ഷ ഇതോടൊപ്പം ചേർത്തിട്ടുണ്ട്. അപേക്ഷാ ഫാറം നെറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യോ, റിട്ടേണിംഗ് ആഫീസറിൽ നിന്നും നേരിട്ടോ സൗജന്യമായി ലഭിക്കുന്നതാണ്.

Sd/-

കെ.വിശ്വനാഥ്

റിട്ടേണിംഗ് ഓഫീസർ &

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, IHRD

## IHRD ഫെഡറേഷൻ രൂപീകരണത്തിനുള്ള
## നാമനിർദ്ദേശ പത്രിക

1. സംഘടനയുടെ പേര് :

2. വിഭാഗം :

3. പ്രസിഡന്റിന്റെ പേര് :

4. ഔദ്യോഗിക മേൽവിലാസം :

5. ഒപ്പ് :

6. സെക്രട്ടറിയുടെ പേര് :

7. ഔദ്യോഗിക മേൽവിലാസം :

8. ഒപ്പ് :

മേൽ പ്രസ്താവിച്ചിരിക്കുന്ന വിവരങ്ങൾ ഞങ്ങളുടെ അറിവിലും വിശ്വാസത്തിലും ശരിയാണെന്നും പൂർണ്ണമാണെന്നും ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

പ്രസിഡന്റ് സെക്രട്ടറി